പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3100 | 15.02.2013 ലെ മറുപടിയ്ക്ക്

## സപ്ലൈ ആഫീസുകളിലെ വിജിലൻസ് റെയ്ഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീമതി.ഗീതാഗോപി<br>ശ്രീ.കെ.രാജു<br>ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും,<br>ഉപഭോക്തൃസംരക്ഷണവും,<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)സംസ്ഥാനത്തെസപ്ലൈ ആഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്താറുണ്ടോ; എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര റെയ്ഡുകൾ നടത്തി; പ്രസ്തുത റെയ്ഡുകളിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 38 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയ്ഡുകളിൽ പൊതുവെ കണ്ടെത്തിയ ക്രമക്കേടുകൾ താഴെപറയുന്നവയാണ്.<br><br>1) ഭൂരിപക്ഷം ഓഫീസുകളിലും കാഷ് ഡിക്ലറേഷൻ രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെ ഉദ്യോഗസ്ഥർ പണം കൈവശം വച്ചതായി കണ്ടെത്തി.<br>2) ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒന്നുംതന്നെ നേരായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.<br>3) പല ഓഫീസുകളിലും അപേക്ഷകൾ തീർപ്പാക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തി.<br>4) ചില ഓഫീസുകളിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെ റേഷൻ കാർഡുകൾ നൽകുന്നതായി കണ്ടെത്തി.<br>5) ചില ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകകൾക്ക് രസീത് നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.<br>6) ചില ഓഫീസുകളിൽ ഹാജർ രേഖപ്പെടുത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. |
| ബി) ക്രമക്കേടുകൾ നടത്തിയ എത്ര ഉദ്യോസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 106 ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പ് തല നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തിട്ടുണ്ട്. താഴെപറയുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നു. |

പ്രഥമദൃഷ്ട്യാ കണ്ടെത്തിയ കുറ്റങ്ങൾക്ക് ചാവക്കാട് അസി.താലൂക്ക് സപ്ളൈ ഓഫീസർ, ശ്രീ.വി.രാധാകൃഷ്ണപിള്ളയ്ക്കെതിരെ തൃശ്ശൂർ ജില്ലാ സപ്ളൈ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടികൾ ആരംഭിച്ചു.

മല്ലപ്പള്ളി താലൂക്ക് സപ്ളൈ ഓഫീസറായിരുന്ന ശ്രീ.പി.അജിത്കുമാറിനെ പത്തനംതിട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡി.വൈ.എസ്.പി. 23.06.11 ന് വി.സി.2/2011 നമ്പർ ആയി അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുത്തതായി അറിയിച്ചതനുസരിച്ച് ടിയാനെ 25.06.11 ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

തിരൂർ താലൂക്ക് സപ്ളൈ ഓഫീസിൽ ഓപ്പറേഷൻ അവിയലുമായി ബന്ധപ്പെട്ട് 06.09.11 ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്.

1) ശ്രീ.കെ.ബി.പ്രദീപ്കുമാർ( താലൂക്ക് സപ്ളൈ ഓഫീസർ)
2) ശ്രീമതി.പി.സുജാത(അസി. താലൂക്ക് സപ്ളൈ ഓഫീസർ)
3) ശ്രീ.എ.അഭിലാഷ്(എൽ.ഡി,ക്ലാർക്ക്)
4) ശ്രീ.പി.മുഹമ്മദ്കുട്ടി(റേഷനിംഗ് ഇൻസ്പെക്ടർ)
5) ശ്രീ.റ്റി.ബഷീർ( റേഷനിംഗ് ഇൻസ്പെക്ടർ)
6) ശ്രീ.പി.പ്രൊമോദ്( റേഷനിംഗ് ഇൻസ്പെക്ടർ)
7) ശ്രീമതി.പി.രാജശ്രീ (റേഷനിംഗ് ഇൻസ്പെക്ടർ)
8) ശ്രീ.അലവിക്കുട്ടി ( അസി. താലൂക്ക് സപ്ളൈ ഓഫീസർ)
9) ശ്രീ.സി.എ.സാഹിർ(ഡ്രൈവർ)
10) ശ്രീമതി.പി.സുജാത(റേഷനിംഗ് ഇൻസ്പെക്ടർ)

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ഓപ്പറേഷൻ ബ്രഡ് & ബട്ടർ എന്ന സംസ്ഥാനതല മിന്നൽ പരിശോധനയുടെ ഭാഗമായി കൊയിലാണ്ടിയിലെ എആർ.ഡി.കളിലും എ.ഡബ്ല്യു.ഡി.കളിലും നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ശ്രീ.പി. എസ്. ജയപ്രകാശിന്(റേഷനിംഗ് ഇൻസ്പെക്ടർ) കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| | ഉടുമ്പൻചോല താലൂക്ക് സപ്ളൈ ഓഫീസിലെ റേഷനിംഗ് ഇൻസ്പെക്ടർ ശ്രീമതി.ലീലാമ്മ. കെ. ജോർജ്ജിനെതിരെ വിജിലൻസ് റെയ്ഡിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്.<br><br>പെരിന്തൽമണ്ണ കെ.ഡബ്ല്യൂ.ഡി.യിൽ നടത്തിയ റെയ്ഡിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ശ്രീ.കെ.പി.കൃഷ്ണൻ, ശ്രീ.ടോമി ജോസഫ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്.<br><br>അനധികൃതസ്വത്തുസമ്പാദനത്തിന് താലൂക്ക് സപ്ളൈ ഓഫീസറായ ശ്രീമതി.പി.എം.പത്മജയ്ക്കെതിരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ഓപ്പറേഷൻ അവിയലുമായി ബന്ധപ്പെട്ട് മഞ്ചേരി താലൂക്ക് സപ്ളൈഓഫീസിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് താഴെപറയുന്ന ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്.<br><br>1) ശ്രീ.പി.വി.സെയ്ദലവി<br>2) ശ്രീ.കെ.കെ.ജയകുമാർ<br>3) ശ്രീ. റ്റി.കൃഷ്ണകുമാർ<br>4) ശ്രീമതി.സി.എസ്.ഉഷാകുമാരി<br>5) ശ്രീ.കെ.പി.അബ്ദുൾ നാസർ<br>6) ശ്രീ.സി.എ.ജയരാജ്<br>7) ശ്രീ.എ.അബ്ദുൾ സക്കീർ<br>8) ശ്രീ.റ്റി.കുഞ്ഞൻ |
| സി) സിവിൽ സപ്ളൈസ് വകുപ്പിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാം; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന് ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | സി) സിവിൽ സപ്ളൈസ് വകുപ്പിൽ മാത്രമായി സ്ഥലംമാറ്റത്തിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഒന്നും തന്നെയില്ല. സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തന്നെയാണ് സിവിൽ സപ്ളൈസ് വകുപ്പിലും സ്വീകരിച്ചു വരുന്നത്. മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ